നം.എം.(4)/3851/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ -
കാര്യാലയം, തിരുവനന്തപുരം,
തീയതി: 21.01.2017.

2236

പ്രേഷിതൻ

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ/മാഡം,

വിഷയം:- പൊതു വിദ്യാഭ്യാസം - 'സ്പർശ്' ബോധവല്ക്കരണ പരിപാടി 2017 ജനുവരി 30 - പ്രതിജ്ഞ ചൊല്ലൽ - ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്--

സൂചന:- നമ്പർ പി.എച്ച്.2/1289/17/ഡി.എച്ച്.എസ്.

*****

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്വപ്നമായ 'കുഷ്ഠരോഗ വിമുക്ത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള യത്നത്തിന്റെ ഭാഗമായി രക്തസാക്ഷി ദിനമായ ജനുവരി 30ന് കുഷ്ഠരോഗ നിർമ്മാർജ്ജന/ബോധവൽക്കരണ പ്രതിജ്ഞ സ്ക്കൂളുകളിൽ ചൊല്ലുന്നതിന് സ്കൂളധികൃതരെ ചുമതലപ്പെടുത്തി ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു.

OFFICE OF THE DEPUTY DIRECTOR (EDUCATION) ERNAKULAM
THRIKKAKARA CIVIL STATION COCHIN - 30

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പ.കാത്ത് F2-2236/17 തീയതി. 28.01.17

പകർപ്പ് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയക്കുന്നു. ജനുവരി 30ന് കുഷ്ഠരോഗ നിർമ്മാർജ്ജന/ബോധവൽക്കരണ പ്രതിജ്ഞ സ്കൂളുകളിൽ ചൊല്ലുന്നതിന് താങ്കളുടെ കീഴിലുള്ള സ്കൂളിലെ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

Deputy Director (Education)
Ernakulam
Kakkanad, Kochi - 30

Jan 30 - രാവിലെ അസംബ്ലിയിൽ
പറയേണ്ട പ്രതിജ്ഞ.

സ്പർശ്

## പ്രതിജ്ഞ

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിദിനമായ ഇന്ന് ഞാൻ
ദൃഢപ്രതിജ്ഞ ചെയ്യുന്നു. എൻ്റെ കുടുംബത്തിലോ സമീപവാസികളിലോ,
സമൂഹത്തിലോ ഉള്ളവർക്ക് അവരുടെ തൊലിപ്പുറത്തു സ്പർശന ശേഷി
കുറഞ്ഞതോ വേദന ഇല്ലാത്തതോ ആയ പാടുകൾ ഉള്ളതായോ കുഷ്ഠരോഗം
മൂലമുള്ള വൈകല്യമുള്ളതായോ കണ്ടാൽ അടുത്തുള്ള സർക്കാർ
ആശുപത്രിയിൽ പോയി ചികിത്സ സ്വീകരിക്കാൻ പ്രേരിപ്പിക്കും

ഞാൻ അവരോടു വിവേചനം കാണിക്കാതെ എൻ്റെ കുടുംബത്തിലെ
അംഗത്തെപോലെ സ്നേഹത്തോടും കരുതലോടും കൂടി ഔന്നത്യത്തോടെ
പരിചരിക്കുന്നതാണ്. കൂടാതെ കുഷ്ഠരോഗത്തെ കുറിച്ചുള്ള
ബോധവൽക്കരണം സമൂഹത്തിൽ എത്തിക്കുവാൻ ശ്രമിക്കും. കുഷ്ഠരോഗം
സുഖപ്പെടുത്താവുന്ന രോഗമാണെന്നും പ്രാരംഭത്തിലെ ചികിത്സ
എടുത്താൽ വൈകല്യം ഒഴിവാക്കാൻ സാധിക്കുമെന്നും കുഷ്ഠരോഗം
ബാധിച്ചവരോട് വിവേചനം കാണിക്കുകയില്ലയെന്നും ദൃഢ പ്രതിജ്ഞ
എടുക്കുന്നു.

മഹാത്മാ ഗാന്ധിയുടെ സ്വപ്നമായ കുഷ്ഠരോഗവിമുക്ത ഭാരതം എന്ന ലക്ഷ്യം
സമീപ ഭാവിയിൽ തന്നെ നേടിയെടുക്കാൻ നമുക്ക് [illegible] ഒന്നിച്ചു
പ്രവർത്തിക്കാമെന്നു ഇന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

To All DDEs for onward information to all
School HMs